കേരള സ്പോർട്സ് കൗൺസിൽ ഭരണം

*12 [280] *ശ്രീ. പി. ജയരാജൻ:*
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. വി. പെന്താമരാക്ഷൻ:
,, *പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിൽ ഭരണം ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലിന് കീഴിൽ കൊണ്ടുവരാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്ത നിലവിലുള്ള സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) കൗൺസിലിലേക്ക് എത്രയും പെട്ടെന്ന് തെരഞ്ഞെടുപ്പ് നടത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):*

(എ) കേരള സ്പോർട്സ് കൗൺസിൽ ഭരണം ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലിന് കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചു വരുന്നു. 2000-ൽ പാസാക്കിയ കേരളാ സ്പോർട്സ് ആക്ട് നടപ്പാക്കാനുള്ള ചട്ടങ്ങളുടെ കരടിൽ ഒരു കമ്മിറ്റി തയ്യാറാക്കി, ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നാലുടനെ തെരഞ്ഞെടുപ്പ് നടപടികൾ തുടങ്ങുന്നതാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

ഗ്രാമവികസനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ റിപ്പോർട്ടുകൾ

*13 [281] *ശ്രീ. രാജു എബ്രഹാം:*
,, *എം. വി. ജയരാജൻ:*
,, *വി. കെ. പ്രശാന്ത്:*
,, *വി. കെ.സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനത്തിനായുള്ള വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള റിപ്പോർട്ട് യഥാസമയം കേന്ദ്ര സർക്കാരിന് നൽകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly